## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : *396 | 20-10-2016-ൽ മറുപടി നൽകേണ്ടത്

## വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ നടപടി

ചോദ്യം

ശ്രീ. മോൻസ് ജോസഫ്
ശ്രീ റോഷി അഗസ്റ്റിൻ
ശ്രീ. സി. എഫ്. തോമസ്
ഡോ. എൻ. ജയരാജ്

ഉത്തരം

പ്രൊഫ.സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | |
|---|---|
| എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായി തീർന്ന കുടുംബങ്ങളെ സഹായിക്കാനുള്ള പദ്ധതി എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ; | എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ ലോൺ എടുത്ത് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, കുടിശ്ശികയായ വായ്പാത്തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ് എന്നും ഇതിലേയ്ക്കായി 100 കോടി രൂപ വകയിരുത്തുന്നതായും പറഞ്ഞിട്ടുണ്ട്. ഇക്കാര്യം എല്ലാ ബാങ്കുകളുമായും ചർച്ച ചെയ്ത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി ഈ വിഷയം സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ പരിഗണനയിലാണ്.<br><br>2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമായ ബി.പി.എൽ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥി |

| | |
|---|---|
| | കളുടെ വിദ്യാഭ്യാസകാലത്തെ പലിശ ബാദ്ധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പദ്ധതികളിന്മേലുള്ള സ്കീം തയ്യാറാക്കുകയും വിവിധ ജില്ലാകളക്ടർമാരിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) വിദ്യാഭ്യാസ വായ്പ നൽകിയ ബാങ്കുകളുമായി ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതിനായി 2016 ഒക്ടോബർ മാസം 7-ാം തീയതി കൂടിയ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ വിദ്യാഭ്യാസ ഉപസമിതിയുടെ യോഗത്തിൽ ബാങ്കുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ഇത് സംബന്ധിച്ച അന്തിമ മാർഗ്ഗരേഖ സർക്കാർ തയ്യാറാക്കി വരുന്നു. |
| സി) ഇതുമായി ബന്ധപ്പെട്ട് കടിശ്ശികയായ വായ്പാ തുക അടച്ച് ബാധ്യത അവസാനിപ്പിക്കാൻ ഏതെങ്കിലും ബാങ്ക് സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | സി) ഇല്ല |
| ഡി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പുസാമ്പത്തികവർഷം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്? | ഡി) 2016-17-ലെ ആദ്യ ബജറ്റിന്മേലുള്ള ഭേദഗതി പത്രിക പ്രകാരം പ്രസ്തുത പദ്ധതിയ്ക്കായി ഒരു ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്. |

Ratish

സെക്ഷൻ ഓഫീസർ